KSFE

**ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്**

**(ഒരു കേരള സർക്കാർ സ്ഥാപനം)**

ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, **www.ksfe.com**

Ref No:12404 25/03/2024

**സർക്കുലർ നമ്പർ 12/2024 (BD)**

വിഷയം: ശാഖകൾക്ക് നൽകി വരുന്ന ചിട്ടി ക്യാൻവാസിംഗ് എക്സ്പെൻസ്സ് സംബന്ധിച്ച്.

സൂചന: 1. 09/01/2024 തീയതിയിലെ 575-ാ മത് ബോർഡ് യോഗത്തിലെ 10119-ാം നമ്പർ തീരുമാനം.

2. 18/12/1999 തീയതിയിലെ 191/1999 (BD) നമ്പർ സർക്കുലർ.

****

മേൽ സൂചന (1) പ്രകാരം 2024-25 സാമ്പത്തിക വർഷം മുതൽ ചിട്ടി ക്യാൻവാസ് ചെയ്യുമ്പോൾ ശാഖകൾക്ക് വരുന്ന ചിലവിലേയ്ക്ക് അനുവദിക്കുന്ന തുക (Canvassing Expenses) താഴെപ്പറയുന്ന വിധത്തിൽ ക്രമപ്പെടുത്തിയിരിക്കുന്നു.

1. ശാഖകളിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ ചിട്ടിയിലും 50% മോ അതിലധികമോ ആണ് "Direct Enrollment" എങ്കിൽ ക്യാൻവാസ് ചെയ്ത ടിക്കറ്റുകളുടെ (ടിക്കറ്റുകളുടെ എണ്ണം x തവണ സംഖ്യ) 3% നിരക്കിൽ ക്യാൻവാസിംഗ് എക്സ്പെൻസ്സായി ലഭിക്കുന്നതാണ്. (നിലവിലെ രീതി തുടരുന്നതാണ്).

2. ശാഖകളിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ ചിട്ടിയിലും 50% ത്തിൽ താഴെയാണ് "Direct Enrollment" എങ്കിൽ ക്യാൻവാസ് ചെയ്ത ടിക്കറ്റുകളുടെ (ടിക്കറ്റുകളുടെ എണ്ണം x തവണ സംഖ്യ) 3% നിരക്കിലോ അല്ലെങ്കിൽ ചിട്ടി സലയുടെ 1% നിരക്കിലോ ഏതാണ് കുറവ് അത് ക്യാൻവാസിംഗ് എക്സ്പെൻസ്സായി ലഭിക്കുന്നതാണ്.

3. ക്യാൻവാസിംഗ് എക്സ്പെൻസ്സ് സംബന്ധിച്ച മറ്റ് നിബന്ധനകൾ എല്ലാം തന്നെ നിലവിലെ രീതിയിൽ തുടരുന്നതാണ്.

**ഈ മാറ്റം 01/04/2024 മുതൽ രജിസ്റ്റർ ചെയ്യുന്ന മുഴുവൻ ചിട്ടികൾക്കും ബാധകമാണ്.**

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

**To:-** **എല്ലാ ശാഖാ തലവന്മാർക്കും**

**പകർപ്പ്**

1. DBC / മേഖലാ ഓഫീസുകൾക്കും
2. എല്ലാ IAD ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
3. MD യുടെ PA
4. ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. എല്ലാ SDT ഓഫീസുകൾക്കും
6. സർക്കുലർ ഫയൽ